പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3831 17/10/2011 ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . മുല്ലക്കര രത്നാകരൻ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗ ങ്ങൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വ്യക്തമാക്കാമോ? | (എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

1 സംസ്ഥാനത്തെ നഴ്സറിതലം മുതൽ ഉന്നത വിദ്യാഭ്യാസ പഠനതലം വരെ പഠനം നടത്തുന്ന അർഹരായ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഫീസാനുകൂല്യം എന്നിവ നൽകിവരുന്നുണ്ട്.

2. പ്രീമെട്രിക് തലത്തിൽ നഴ്സറി മുതൽ 10-ാം ക്ലാസ്സ് വരെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന എല്ലാ പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്കും G.V രാജാ സ്പോട്സ് സ്കൂൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, സൈനീക സ്കൂളുകൾ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ, IHRD യ്ക്ക് കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ, സർക്കാരിന്റേയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടേയും അംഗീകാരമുള്ള ഐ.റ്റി.ഐ., ഐ.റ്റി.സി, നോൺ മെട്രിക് ട്രേഡുകൾ എഞ്ചിനീയറിംഗ് ആന്റ് നോൺ എഞ്ചിനിയറിംഗ് വൊക്കേഷണൽ ട്രൈനിംഗ് സ്ഥാപനങ്ങൾ എന്നിവയിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ / മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാൻറ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ് തുടങ്ങിയ വിദ്യാഭ്യാസാ നുകൂല്യങ്ങൾ അനുവദിച്ചു നൽകി വരുന്നു. അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ സർക്കാർ അംഗീകരിച്ച ലംപ്സം ഗ്രാന്റും ട്യൂഷൻ ഫീസും, സ്പെഷ്യൽ ഫീസും നൽകിവരുന്നു.

3. പോസ്റ്റ് മെട്രിക് തലത്തിൽ +1, +2 വൊക്കേഷണൽ ഹയർ സെക്കന്ററി കേന്ദ്രീയ വിദ്യാലയങ്ങൾ, സൈനീക സ്കൂളുകൾ, ടെക്നിക്കൽ സ്കൂളുകൾ, G.V. രാജാ സ്കൂളുകൾ, പോളിടെക്നിക്കുകൾ IHRD സ്കൂളു കൾ എന്നിവയിൽ പഠിക്കുന്നവർക്കും സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റി കളുടെ അംഗീകാരമുള്ള വിവിധ ഡിപ്ളോമാ, ഡിഗ്രി പി.ജി കോഴ്സു കൾ, പ്രൊഫഷണ ൽ കോഴ്സുകൾ എന്നിവയിൽ പഠിക്കുന്ന കട്ടികൾക്കും ആനുകൂല്യം നൽകിവരുന്നു.

4. ഒരു പോസ്റ്റ് മെട്രിക് കോഴ്സിന് പുറമേ, കോഴ്സ് പൂർത്തിയാക്കാതെതന്നെ മറ്റ് രണ്ടു് കോഴ്സുകൾക്ക് കൂടി എല്ലാവിധ ആനുകൂല്യങ്ങളും നൽകിവരുന്നു.

5. കേന്ദ്ര സംസ്ഥാന സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളായ LBS,Centre, IHRD, C-Dit, C-DAC, ER & DC തുടങ്ങിയ സ്ഥാപനങ്ങളിലെ കോഴ്സുകളിലും സർക്കാർ നിയന്ത്രിത കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ, യൂണി വേഴ്സിറ്റികൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ(എയ്ഡഡ്) എന്നിവയിലെ അൺഎയ്ഡഡ് കോഴ്സുകൾ ക്ക് പഠിക്കുന്നവർക്കുന്നവർക്കും ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ നൽകി വരുന്നു.

6. MPhil, PhD, MTech. MLit തുടങ്ങിയ കോഴ്സുകളിൽ UGC/GATE പാസ്സാകാത്തവർക്ക് UGC കാലാകാലങ്ങളിൽ അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും അനുവദിച്ചു വരുന്നു.

7. സംസ്ഥാന യൂണിവേഴ്സിറ്റികളുടേയും ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെയും ഓഫ് കാമ്പസ് കോഴ്സുകളിൽ പഠനം നടത്തുന്ന വർക്കും. ഈവനിംഗ് കോഴ്സുകൾ, വിദൂര വിദ്യാഭ്യാസ കോഴ്സുകൾ

എന്നിവയിൽ പഠനം നടത്തുന്നവർക്കും അംഗീകൃത ഫീസാനുകൂല്യം മാത്രം അനുവദിച്ചു വരുന്നു.

8. റയിൽവേ, ഫാക്ട് തുടങ്ങിയ പൊതു മേഖലാ സ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടിക വർഗ്ഗ / മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സ്ഥാപനം നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസും ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവയും അനുവദിച്ചു നൽകി വരുന്നു.

9. പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നേടുന്നവർക്കും, D.M.E, DHS, നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നവർക്ക് സർക്കാർ/ സർക്കാർ ഏജൻസി/ യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസടക്കമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതാണ്.
10. സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ജനറൽ നഴ്സിംഗ് കോഴ്സുകൾക്ക് പ്രവേശനം നേടുന്നവർക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് അനുവദിച്ചു നൽകുന്നു.
11. CAT, MAT, JEE, JMET, XAT, ATMA തുടങ്ങിയ അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴി സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നവർക്ക് സർക്കാർ /യൂണിവേഴ്സിറ്റി അംഗീകരിച്ച ഫീസും മറ്റ് ആനുകൂല്യങ്ങളും നൽകുന്നു.
12. കേന്ദ്ര സർക്കാരിന്റേയോ സംസ്ഥാന സർക്കാരിന്റേയോ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഡീംഡ് യൂണിവേഴ്സിറ്റികളിൽ മെരിറ്റ് സീറ്റിലും റിസർവേഷൻ സീറ്റിലും പ്രവേശനം നേടുന്നവർക്ക് ഫീസടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു.
13. ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിട്ടും പ്രവേശനം ലഭിക്കാത്തവർക്ക് ആയതിന് രേഖ ഹാജരാക്കുന്ന മുറയ്ക്ക് +2 കോഴ്സിന് പാരലൽ കോളേജിൽ ചേർന്ന് പഠിക്കുന്നതിന് ആനുകൂല്യങ്ങൾ അനുവദിച്ചു നൽകി വരുന്നു. ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ പഠനം നടത്തുന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ഫീസും പരീക്ഷാ ഫീസും ലംപ്സംഗ്രാന്റും, സ്റ്റൈപ്പന്റും നൽകി വരുന്നു.
14. അന്യ സംസ്ഥാനങ്ങളിലെ വിവിധ സ്ഥാപനങ്ങളിൽ കേന്ദ്ര സർക്കാർ/ കേന്ദ്ര യൂണിവേഴ്സിറ്റികൾ/ ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴിയോ CAT, MAT, JEE, JMET, XAT, ATMA എന്നീ പ്രവേശന പരീക്ഷ വഴിയോ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നുണ്ട്.
15. കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ഡീംഡ് യൂണിവേഴ്സിറ്റികൾ, കേന്ദ്ര യൂണിവേഴ്സിറ്റികളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ കോളേജുകൾ എന്നിവയിൽ മെരിറ്റ് സീറ്റിലും റിസർവേ ഷൻ സീറ്റിലും പ്രവേശനം നേടുന്നവർ ക്ക് സ്ഥാപനം നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യം നൽകുന്നുണ്ട്
16. കേരളത്തിന് പുറത്ത് താൽക്കാലിക മായി താമസിക്കേണ്ടി വരുന്ന കേരളീയരായ പട്ടികവർഗ്ഗക്കാരുടെ മക്കൾ അന്യ സംസ്ഥാനത്ത് സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിൽ ചേർന്ന് പഠനം നടത്തേണ്ടി വന്നാൽ അവർക്ക്, കേരളത്തിൽ സർക്കാർ സ്ഥാപനത്തിൽ പഠിച്ചിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണ്.
17. കേരളത്തിൽ നിലവിലില്ലാത്ത ഒരു കോഴ്സിന് അന്യ സംസ്ഥാനത്ത് പഠിക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതാണ്.

18. MBBS, BVSC, Engineering, BAMS എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേ ശനം ലഭിക്കുന്നവർ തോറ്റു പഠിക്കേണ്ടി വരുമ്പോൾ ഒരേ ക്ലാസ്സിൽ 3 പ്രാവശ്യം വരെ ആവർത്തിച്ച് പഠിക്കുന്നതിന് ലംപ്സം ഗ്രാന്റ് ഒഴികെ യുള്ള ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിവരുന്നു. ജനറൽ കോഴ്സുകൾക്ക് 3 പ്രാവശ്യം പരീക്ഷാ ഫീസ് മാത്രം അനുവദിക്കുന്നു. *സ്വാശ്രയ സ്ഥാപനങ്ങളിൽ MBBS കോഴ്സിന് 3 പ്രാവശ്യം* തോറ്റു പഠിക്കുന്നതിന് 50% നിരക്കിലുള്ള ഫീസും ലംപ്സംഗ്രാന്റ് ഒഴികെയുള്ള മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.
19. സ്പോട്ട്സ് ക്വാട്ടയിലും ഡിഫൻസ് ക്വാട്ട യിലും പ്രവേശനം ലഭിക്കുന്നവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽ കുന്നു.
20. പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രൊ ജക്റ്റ് അലവൻസും ഇന്റേൺഷിപ്പും അനുവദിച്ചു നൽകുന്നു.
21. പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ പഠി ക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപനത്തോട് ചേർന്ന് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലെങ്കിൽ ചില നിബന്ധനകൾക്ക് വിധേയമായി പ്രതിമാസ സ്റ്റൈപന്റ് തുകയായി 1500/- രൂപ അനുവദിച്ചു നൽകുന്നു.
22. നിയമബിരുദധാരികളായ പട്ടികവർഗ്ഗ വിഭാഗക്കാരായ അഡ്വക്കേറ്റുമാർക്ക് പ്രാക്ടീസ് നടത്തുന്നതിന് പുസ്തകം വാങ്ങുന്നതിനായി രണ്ടും മൂന്നും വർഷങ്ങളിൽ 6250/- രൂപ അനുവദിക്കുന്നു.
23. പ്രവേശന പരീക്ഷ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിലൂടെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതും കുടുംബ വാർഷിക വരുമാനം 40,000/- രൂപയിൽ താഴെയുള്ളവരുമായ പട്ടികവർഗ്ഗ വിദ്യാ ർത്ഥികൾക്ക് പ്രാരംഭ ചെലവുകൾ ക്കായി 5000/- രൂപ ധനസഹായം നൽകിവരുന്നു.
24. 8,9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ നിലവാരമുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ചേർത്ത് പഠിപ്പിക്കുന്നതിനുള്ള ട്യൂഷൻ ഫീസ് രക്ഷിതാക്കൾക്ക് നൽകി വരുന്നു.
25. ജിവി രാജാ സ്പോർട്ട്സ് സ്കൂളിൽ ചേർന്ന് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവിടെ ലഭ്യമായ സൗകര്യങ്ങൾക്ക് പുമെ ആവശ്യമായ പഠന സാമഗ്രികൾ വാങ്ങുന്നതിനും മറ്റും ധനസഹായം നൽകിവരുന്നു.
26. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്കായി ഭാരത ദർശൻ എന്ന പഠന പര്യടന വിനോദ പരിപാടി പുനരാരംഭിച്ചു.
27. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെയും മോഡൽ റസിഡൻഷ്യൽ സ്കൂ ളുകളിലെയും 10-ാം ക്ലാസ്സ്വരെയുള്ള വിദ്യാർത്ഥികൾക്ക് മെസ് ചാർ ജ് 1300/- രൂപയായും പോസ്റ്റ് മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് 1500/- രൂപയായും 1.4.2009 മുതൽ വർദ്ധിപ്പിച്ചു നൽകി വരുന്നു.
28. സംസ്ഥാനത്തെ പ്രീമെട്രിക് ഹോസ്റ്റൽ അന്തേവാസികൾക്ക് 70/- രൂപ വീതം പ്രതിമാസ പോക്കറ്റ്മണിയായി അനുവ ദിച്ചു നൽകിവരുന്നു.
29. വ്യവസായ പരിശീലന വകുപ്പിന്റെ കീഴിലുള്ള വിവിധ ഐ.റ്റി.ഐ.കളിൽ നടത്തുന്ന പോസ്റ്റ് ഐ.ടി.ഐ. കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാ സാനുകൂല്യം അനുവദിച്ചു നൽകുന്നു.
30. 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മുടക്കം കൂടാതെ ക്ലാസിൽ ഹാജരാ ക്കുന്നതിന് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാ ഹന ഗ്രാന്റായി പ്രതിമാസം 50/- രൂപ വീതം പ്രതിവർഷം 500/ രൂപ നൽകി വരുന്നു.

31. SSLC ഹയർസെക്കന്ററി ബിരുദ ബിരുദാനന്തര പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം അനുവദിച്ചു നൽകുന്നു, കൂടാതെ മെഡിക്കൽ- എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷക ളിൽ ഉന്നത വിജയം നേടുന്നവർക്ക് 8 ഗ്രാം മൂല്യമുള്ള സ്വർണ നാണയം നൽകുന്നു.

32. സംസ്ഥാനത്തെ 4, 7 ക്ലാസ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി സംസ്ഥാന തലത്തിൽ നടത്തുന്ന ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ മിടുക്കരായ നിശ്ചിത എണ്ണം പേരെ തെരെഞ്ഞെടുത്ത് തൊട്ടടുത്ത വർഷം മുതൽ അവർക്ക് അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്പ്മെന്റ് സ്കീം പ്രകാരമുള്ള സ്കോളർഷിപ്പ് 10-ാം ക്ലാസ്സ് വരെ നൽകി വരുന്നു. ഒരു വർഷം ആകെ 1200 പേർക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ് എന്ന 100% കേന്ദ്ര സഹായ പദ്ധതി പ്രകാരം 9-ാം ക്ലാസ്സിൽ പഠിക്കുന്ന മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ തെരെഞ്ഞെടുത്ത് 12-ാം ക്ലാസ്സ് വരെ അവർക്ക് പ്രത്യേക ട്യൂഷനും മറ്റ് പഠന സൗകര്യങ്ങളും നൽകുന്നുണ്ട്.

33. സ്വകാര്യ സ്വാശ്രയസ്ഥാപനങ്ങൾ /സർക്കാർ നിയന്ത്രിത കോഓപ്പറേറ്റീവ് സ്ഥാപനങ്ങൾ /മെഡിക്കൽ /ഡെന്റൽ/ആയുർവേദ/നഴ്സിംഗ്/ഫാർമസി മറ്റ് പാരാമെഡിക്കൽ കോഴ്സുകൾക്ക് മെരിറ്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉയർന്ന നിരക്കിലുള്ള ഫീസ് അനുവദിക്കില്ല.

34 ഭാരതീയ വിദ്യാനികേതൻ കേരള എന്ന സ്ഥാപനത്തിന്റെ അംഗീകാരത്തോടെ മാനന്തവാടി യിൽ പ്രവർത്തിക്കുന്ന ശ്രീ ശങ്കര വിദ്യാനികേതൻ എന്ന സ്ഥാപനത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് ഉൾപ്പെടെ യുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നു.

35 കണ്ണൂർ യൂണിവേഴ്സിറ്റിയുടെ വിദൂര പഠന കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത് പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നു.

36 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ HDCM കോഴ്സിന് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥിക ൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നു.

37 സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥി കളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി 107 പ്രീമെട്രിക് ഹോസ്റ്റലുകൾ, 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്നു.

38 സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന തുടർ വിദ്യാഭ്യാസ പരിപാടിയിൽ പഠിക്കുന്നവർക്ക് ഫീസ് ആനുകൂല്യം അനുവദിച്ചു നൽകുന്നു.

39 സംസ്ഥാനത്തെ ട്രൈബൽ സ്ക്കൂളുകളിലെയും വെൽഫയർ സ്ക്കൂളുകളിലെയും എൽ.പി. വിഭാഗം വിദ്യാർത്ഥികളുടെ യൂണിഫോം അലവൻസ് 250/- രൂപയിൽ നിന്നും 500/- രൂപയായി വർദ്ധിപ്പിച്ചു.

40മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ അദ്ധ്യാപക/ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുകയും 73 അദ്ധ്യാപക തസ്തികകളും 188 അനദ്ധ്യാപക തസ്തികയും പുതുതായി സൃഷ്ടിക്കുകയുണ്ടായി.

41 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലെ അക്കാദമിക മികവിനും ഊന്നൽ നല്കിവരുന്നു. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുഖേന ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി , സുവോളജി വിഷയങ്ങൾക്ക് ശാസ്ത്രപോഷിണി ലബോറട്ടറി സ്ഥാപിച്ചു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ളീഷ്, സയൻസ് ബാച്ചുള്ള ഹയർ സെക്കൻററി സ്ക്കൂളുകളിൽ പൊതു പ്രവേശന പരീക്ഷയ്ക്ക് കോച്ചിംഗ് ഇവ നല്കുന്നു. മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ /പ്രീമെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിൽ സ്റ്റുഡൻസ് കൗൺസിലർമാരെ നിയോഗിച്ചു.

42 +2, VHSE കുട്ടികൾക്കായി അട്ടപ്പാടി കോഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് താമസ സൗകര്യങ്ങൾക്കായി :ഗുരുകുലം വിദ്യാകേന്ദ്രം പ്രവർത്തിച്ചുവരുന്നു.

43 പട്ടികവർഗ്ഗ വികസന വകുപ്പിലെ /പ്രീമെട്രിക് ഹോസ്റ്റലുളിലെ പാർട്ട്ടൈം ട്യൂട്ടർമാരുടെ പ്രതിമാസ ഹോണറേറിയം LP/UP വിഭാഗത്തിൽ പ്രതിമാസം 1500 രൂപയും ഹൈസ്ക്കൂൾ വിഭാഗത്തിൽ 2000/- രൂപയുമായി വർദ്ധിപ്പിച്ചു.

44വികാസ്വാടി, കിൻറർ ഗാർട്ടൻ, നഴ്സറി സ്ക്കൂൾവിദ്യാർത്ഥികളുടെ ഉച്ചഭക്ഷണ നിരക്ക് പ്രതിദിനമുള്ള 5രൂപയിൽ നിന്ന് 10 രൂപയായി വർദ്ധിപ്പിച്ചു.

45 സ്വാശ്രയ കോളേജുകളിൽ ബിഡിഎസ്. കോഴ്സിന് പ്രവേശന പരീക്ഷാ കമ്മിഷണറുടെ ലിസ്റ്റ് പ്രകാരം മെറിറ്റ്/റിസർവേഷൻ സീറ്റിൽ പ്രവേശനം ലഭിച്ച് തോറ്റു പഠിക്കുന്ന വിദ്യാർഥികൾക്ക് പ്രവേശനം ലഭിക്കുമ്പോൾ നിലവിലുണ്ടായിരുന്ന ഫീസ് ഘടന അനുസരിച്ച് 3 തവണ പരീക്ഷ എഴുതുന്നതിന് 50% നിരക്കിൽ ഫീസാനുകൂല്യം ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അനുവദിച്ചു.

46 കേരള കലാമണ്ഡലത്തിൽ ഇൻറഗ്രേറ്റഡ് എം.ഫിൽ , പിഎച്ച്.ഡി(ഡാൻസ്) കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചു.

47 സംസ്ഥാനത്തെ വിവിധ യൂണി വേഴ്സിറ്റികളിലും യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള സ്ഥാപനങ്ങളിലും മെസ്സ് സൗകര്യമില്ലാത്ത ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1500 രൂപ വീതം മെസ്സ് ചാർജ്ജ് അനുവദിച്ച് ഉത്തരവായി.

48 ആലപ്പുഴ ജില്ലയിലെ പുന്നപ്ര കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രഫഷണൽ എഡ്യൂക്കേഷൻ(CAPE) ൻെറ കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് & ടെക്നോളജിയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചു.

49 വകുപ്പിൻെറ കീഴിലുള്ള ഹോസ്റ്റൽ സൗകര്യമില്ലാത്ത ഐ.റ്റി സി കളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസ ഭക്ഷണ ചെലവ് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ നിലവിലുള്ള നിരക്കിൽ (പ്രതിമാസം 1500രൂപ നിരക്കിൽ) അനുവദിച്ചു.

50 സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ , സർക്കാർ നിയന്ത്രിത കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നഴ്സിംഗ്, MBBS,BDS, BSc Nursing, B Pharm, Para Medical Course എന്നിവയിൽ മെറിറ്റ് ക്വാട്ടയിൽ പ്രവേശനം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉയർന്ന നിരക്കിലുള്ള ഫീസ് അനുവദിച്ചു.

51 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലും എയിഡഡ് എഞ്ചിനീയറിംഗ് കോളേജിലും നടത്തുന്ന സ്വാശ്രയ കോഴ്സുകളായ M.Tech, M.E എന്നീ കോഴ്സുകൾക്ക് ഫീസാനുകൂല്യം അനുവദിച്ചു

52 Kerala Institute of Welding & research ൽ Merit- ലും സംവരണസീറ്റിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചു.

53 ലാറ്ററൽ എൻട്രി പ്രകാരം എഞ്ചിനീയറിംഗ് കോഴ്സിന് പ്രവേശനം നേടുന്നവരും 1 ലക്ഷം രൂപയിൽ താഴെ വാർഷികവരുമാനം ഉള്ള കുടുംബത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 5000 രൂപ അനുവദിച്ചു.

54 സർക്കാർ നിയന്ത്രിത /അംഗീകൃത/എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റ്/റിസർവേഷൻ/മാനേജ്മെന്റ് ക്വാട്ട മാനദണ്ഡങ്ങൾ പരിഗണിക്കാതെ 27.6.11 ലെ സർക്കാർ ഉത്തരവ് സാധാ നം. 587/11/പജപവവിവ പ്രകാരം വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചു.

55 Centre for Continuing Education Kerala യുടെ കീഴിൽ പ്രവർത്തിക്കുന്ന Institute of Fashion Technology യിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം 22/2/11 ലെ 244/2011/പജപവവിവ പ്രകാരം അനുവദിച്ചു.

56 സ്വാശ്രയസ്ഥാപനങ്ങളിൽ റ്റിറ്റിസി കോഴ്സുകൾക്ക് പഠിക്കുന്ന മെറിറ്റ് സീറ്റിലും സംവരണസീറ്റിലും പ്രവേശനം ലഭിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 14.6.11 ലെ 553/11/പജപവവിവ പ്രകാരം വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നു.

57 3/9/11 ലെ 360/11 പജപവവിവ സർക്കാർ ഉത്തരവ് പ്രകാരം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കോഷൻ ഡിപ്പോസിറ്റ് അനുവദിക്കുന്നു.

58 തിരുവനന്തപുരം ജില്ലയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ മെറിറ്റിലും റിസർവേഷനിലും പ്രവേശനം ലഭിച്ച് എം.ബി.എ. കോഴ്സിന് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 45,000/-രൂപ ട്യൂഷൻ ഫീസായി 6.5.11 ലെ 5937/എ2/11/പജപവവിവ സർക്കാർ കത്ത് പ്രകാരം അനുവദിച്ചു.

സെക്ഷൻ ഓഫീസർ